# 30.05.2016. ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 30.05.2016ന് 11.00 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

**യോഗത്തിലെ ഹാജർ:**

| ക്രമ നമ്പർ | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | അബ്ദുൾ നാസർ തിരുനിലത്ത് | 3 |
| 4 | ഉസ്മാൻകുട്ടി പരവക്കൽ | 4 |
| 5 | ബുഷ്റ ഷെബീർ | 5 |
| 6 | കെ.വി. രാജസുലോചന | 6 |
| 7 | ചന്ദ്രിക.കെ | 7 |
| 8 | ടി.വി. മുംതാസ് | 8 |
| 9 | പി. റംല ടീച്ചർ | 9 |
| 10 | അലവി തൈക്കാട്ട് | 10 |
| 11 | ടി.പി. സുബൈർ | 11 |
| 12 | അബ്ദുൾ റഹീം (നാണി) | 12 |
| 13 | ടി.വി. സുലൈഖ | 13 |
| 14 | കെ.കെ. നാസർ | 14 |
| 15 | ജമീല അബു | 15 |
| 16 | റംല കറുത്തേടത്ത് | 16 |
| 17 | മാട്ടൂമ്മൽതൊടി ഫരീദ | 17 |
| 18 | നന്ദകുമാർ പള്ള്യാൽ | 18 |
| 19 | അബ്ദുറഹ്മാൻ.കെ.വി. (കുഞ്ഞാപ്പു) | 19 |
| 20 | പുത്തൻപിടീയേക്കൽ ആയിഷ ഉമ്മർ | 20 |
| 21 | വേളക്കാടൻ ലൈല റഷീദ് | 21 |
| 22 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 23 | കെ. ഗിരിജ | 23 |
| 24 | സൈതലവി (കോയാപ്പു) | 24 |
| 25 | ജിനി | 26 |
| 26 | വഹീദ ഖലീൽ | 27 |
| 27 | അബ്ദുള്ളകുട്ടി (അബ്ദു മങ്ങാടൻ) | 28 |
| 28 | അഹമ്മദ് മണ്ടായപ്പുറം) | 29 |
| 29 | സാജിദ് മങ്ങാട്ടിൽ | 31 |
| 30 | രാമചന്ദ്രൻ മഠത്തിൽ | 32 |

കൂടാതെ സെക്രട്ടറി, വകുപ്പുമേധാവികൾ, ഇംപ്ലിമെന്റിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്യുന്നതിന് മുമ്പായി തെരുവ് വിളക്കുകൾ പ്രവർത്തിക്കാത്തത് സംബന്ധിച്ച് അടിയന്തര പ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി തേടിക്കൊണ്ട് കൗൺസിലർ ശ്രീ. ടി. പി സുബൈർ സംസാരിച്ചു. ഈ കൗൺസിൽ യോഗത്തിലെ നിശ്ചയിച്ച എല്ലാ അജണ്ടകളും ചർച്ച ചെയ്ത് തീരുമാനമെടുത്തതിന് ശേഷം മാത്രമേ ടി പ്രമേയം അവതരിപ്പിക്കാൻ അനുമതി നൽകുകയുള്ളൂ എന്ന്

ചെയർമാൻ റൂളിംഗ് നൽകി. ഇതിൽ പ്രതിഷേധിച്ച് കൗൺസിൽമാരായ ശ്രീ. ടി.പി സുബൈർ, ശ്രീ. രാമചന്ദ്രൻ, ശ്രീ. നന്ദുകുമാർ, ശ്രീ. അബ്ദുൽ റഹീം, ശ്രീ, കെ. വി അബ്ദു റഹിമാൻ, ശ്രീമതി. ജിനി, ശ്രീമതി. റംല, ശ്രീമതി. സുഹ്റാബി, ശ്രീമതി. ഗിരിജ എന്നിവർ കൗൺസിൽ യോഗത്തിൽ നിന്നും ഇറങ്ങിപ്പോയി.

തുടർന്ന് അജണ്ടകൾ ചർച്ച ചെയ്ത് താഴെ പറയുന്ന തീരുമാനം എടുത്തു.

**യോഗത്തിലെ തീരുമാനം**

## 1. G1-11363/11

സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ക്ഷാമബത്ത 6%ത്തിൽ നിന്നും 9% ആയും G.O.(P) No.85/11/Fin Dt. 26/2/2011 പ്രകാരം പ്രീറിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ ക്ഷാമബത്ത 92% ത്തിൽ നിന്നും 98% ആയും 01/01/2016 പ്രാബല്യത്തോടെ വർദ്ധിപ്പിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ 05/05/2016ലെ G.O.(P) No.61/2016/Fin നമ്പർ ഉത്തരവ് കൗൺസിൽ അറിവിലേയ്ക്ക്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി.

## 2. G2-18031/15

29/02/2016ന് നഗരസഭയുടെ 2015-16 വിവിധ പദ്ധതികളുടെ ആനുകൂല്യം വിതരണത്തിന്റെ ഭാഗമായി ബഹു. വ്യവസായ വകുപ്പു മന്ത്രി പങ്കെടുത്ത ഉദ്ഘാടന ചടങ്ങിന്റെ ചെലവിലേയ്ക്കായി G2-സെക്ഷൻ ക്ലാർക്ക് ശ്രീ. സുരേഷ് ബാബുവിന് അനുവദിച്ച മുൻകൂർ തുക 25000/- രൂപയുടെ ചെലവ് അംഗീകരിക്കുന്ന വിഷയവും മൂൻകൂർ തുക ക്രമീകരിക്കുന്ന വിഷയവും കൗൺസിൽ മുമ്പാകെ.

**കുറിപ്പ്:** തദ്ദേശ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് 25000/-രൂപ വരെ ചെലവാക്കുന്നതിന് സ.ഉ.(സാധാ) നം.3866/2015/തസ്വഭവ തീയതി. 28/12/2015 പ്രകാരം ഉത്തരവുള്ളതാണ്.

**തീരുമാനം**

അംഗീകരിച്ചു.

## 3. G2-8112/16

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നോ നൽകുന്നതിന് അനുവാദം നൽകികൊണ്ടുള്ള സ.ഉ.(സാധാ) നം636/2016/തസ്വഭവ തീയതി 16/2/2016 നമ്പർ ഉത്തരവും, ഇപ്രകാരം വേതനം നൽകുന്നതിന് പ്രൊജക്ട് വെയ്ക്കാത്ത തദ്ദേശ സ്ഥാപനങ്ങൾ അധിക വേതനം തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനും, പ്രൊജക്ട് രൂപീകരിക്കുമ്പോൾ വികസന ഫണ്ടിൽ നിന്നും റീകൂപ്പിന് അനുവാദം നൽകികൊണ്ടുള്ള സ.ഉ.(സാധാ)നം.556/2016/തസ്വഭവ തീയതി 30/4/2016 നമ്പർ ഉത്തരവും കൗൺസിൽ മുമ്പാകെ.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി. വർദ്ധിപ്പിച്ച വേതനം നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## 4. G2-8312/16

നഗരസഭകളിൽ സബ്സിഡി മാർഗ്ഗരേഖകളും മാനദണ്ഡകളും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കുന്ന നടപടികൾ സ്വീകരിക്കുവാൻ പാടില്ലായെന്നും അത്തരം നടപടി സ്വീകരിച്ചശേഷം സാധൂകരണാപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത് അംഗീകരിക്കുകയില്ലെന്നും അറിയിച്ചുകൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ 06/05/2016ലെ എഫ്2/24121/15 നമ്പർ സർക്കുലർ കൗൺസിൽ മുമ്പാകെ.

**തീരുമാനം**

വായിച്ചു.റിക്കാർഡാക്കി. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

## 5. G3-10300/11

കോട്ടക്കൽ കൃഷിഭവൻ ഓഫീസിന്റെ ഇലക്ട്രിസിറ്റി ബിൽ തുക 4308/-രൂപ അടവാക്കുന്നതിന് ബഹു. ചെയർപേഴ്സൺ മുൻകൂർ അനുമതി നൽകിയ നടപടി അംഗീകാരത്തിന്.

**തീരുമാനം**

അംഗീകരിച്ചു.

## 6. H1-7529/11

കോട്ടക്കൽ നഗരസഭയിലെ ജനനമരണ വിഭാഗത്തിൽ ഹോസ്പിറ്റൽ കിയോസ്ക് മെസഞ്ചർ കം ഡാറ്റാ എൻട്രി ഓപ്പറേറ്ററായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി. ജംഷിയ.കെ., കോമ്പത്തിയിൽ ഹൗസ്, BH റോഡ്, കോട്ടക്കൽ.പി.ഒ. എന്നവരുടെ കരാർ കാലാവധി 20/06/2016ന് അവസാനിക്കുന്നതിനാൽ കരാർ കാലാവധി പുതുക്കി നൽകുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

കാലാവധി 5 വർഷത്തേക്ക് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

## 7. R3-2603/12(1)

നഗരസഭയുടെ ഷോപ്പിംഗ് കോപ്ലക്സിലെ മുറികളുടേയും സ്റ്റാളുകളുടെയും എഗ്രിമെന്റ് 2016-17 വർഷത്തേയ്ക്ക് പുതുക്കി നൽകുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 1) 2016 17 വർഷത്തേക്ക് എഗ്രിമെന്റ് പുതുക്കി നൽകുന്നതിന് വേണ്ടി ഫയൽ പ്രകാരം 136 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

2) 2014 ജനുവരി മുതൽ മുറികളുടെ വാടക ഏരിയ അടിസ്ഥാനത്തിൽ പുതുക്കിയിട്ടുള്ളതാണ്.

**തീരുമാനം**

നിലവിലെ നിരക്കിൽ തന്നെ ഒരു വർഷത്തേക്ക് പുതുക്കി നൽകാൻ തീരുമാനിച്ചു.

## 8. R3-17867/15

കോട്ടക്കൽ നഗരസഭയിലെ സ്മാർട്ട് ട്രേഡ് സിറ്റിക്ക് മുൻവശമുള്ള സർവ്വേ നമ്പർ 46/5A ഭൂമിയിൽ പേ പാർക്കിംഗ് അനുവദക്കുന്നതിനായി ഉടമസ്ഥനായ പാലേരി മുഹമ്മദ് കുട്ടി എന്നവരുടെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** ബഹു. ചെയർമാന്റെ അനുമതി വാങ്ങിയിട്ടുള്ളതാണ്

**തീരുമാനം**

ലൈസൻസ് ഫീസ് 3000 രൂപ ഈടാക്കി ഒരു വർഷത്തേക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു.

## 9. PW3-7250/16

കോട്ടക്കൽ നഗരസഭയുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാരുടെ സത്യപ്രതിജ്ഞ ചടങ്ങ് നടത്തിയതിലേയ്ക്ക് സൗണ്ട്സ്, സ്റ്റേജ് ക്രമീകരണങ്ങൾ ചെയ്ത ഇനത്തിലെ തുക 24000/-രൂപ അനുവദിക്കുന്നതിനുള്ള ഹിബ സൗണ്ട്സിന്റെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

അംഗീകരിച്ചു.

## 10. PW2-2439/16(2)

കോട്ടക്കൽ നഗരസഭയിൽ വാർഡ് 28ൽ ഗാന്ധി നഗർ ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ലൈൻ വലിക്കുന്നതിന് KSEB തയ്യാറാക്കിയ 63300/-രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം തുക അടവാക്കി ടി പ്രവർത്തി നടത്തുന്നതിന് അനുമതി നൽകുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

അംഗീകരിച്ചു.

**11.** 2016 മാർച്ച്, ഏപ്രിൽ മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ.

**തീരുമാനം**

2016 മാർച്ച്, ഏപ്രിൽ മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിച്ചു.

**2016 മാർച്ച്**

| | | |
|---|---|---|
| 1 | പ്രാരംഭ ബാക്കി | **49674202** |
| 2 | രശീതി | **25842592** |
| 3 | ആകെ | **75516794** |
| 4 | ചെലവ് | **6778746** |
| 5 | നീക്കിയിരിപ്പ് | **68738048** |

**2016 ഏപ്രിൽ**

| | | |
|---|---|---|
| 1 | പ്രാരംഭ ബാക്കി | **68738048** |
| 2 | രശീതി | **3052541** |
| 3 | ആകെ | **71790589** |
| 4 | ചെലവ് | **5150244** |
| 5 | നീക്കിയിരിപ്പ് | **66640345** |

**12.** 2016 മെയ് മാസത്തെ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സംബന്ധിച്ച്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി. 25000/- രൂപ വരെയുള്ള സ്റ്റാറ്റ്യൂറ്ററി ചെലവുകൾ അംഗീകരിക്കുന്നതിന് ചെയർമാനെ ചുമതലപ്പെടുത്തി. നടപടി പിന്നീട് ബന്ധപ്പെട്ട കമ്മിറ്റിയിൽ വെച്ച് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**13. 2016-17** വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച്.

**തീരുമാനം**

അയൽ സഭ, വാർഡ് വികസന സമിതി അടിയന്തിരമായി വിളിച്ച് ചേർക്കുന്നതിനും 2016 ജൂൺ 20 മുമ്പ് വാർഡ് സഭകൾ വിളിച്ച് ചേർക്കുന്നതിനും 2016 ജൂൺ 26 ന് മുമ്പ് വികസന സെമിനാർ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പരിഗണിച്ചു**

**14. PW3-8413/16**

28-ാം വാർഡിലെ പാലത്തറ അംഗൻവാടി കോമ്പൗണ്ടിൽ MLA ഫണ്ട് ഉപയോഗിച്ച് ഒരു മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ശ്രീ. അബ്ദുള്ള കുട്ടി വാർഡ് കൗൺസിലറുടെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

അംഗീകരിച്ചു.

**15. G2-7813/16**

കോട്ടക്കൽ നഗരസഭ വക മൃഗാശുപത്രിയിലേക്ക് ഇന്റർനെറ്റ് കണക്ഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കമെന്നുള്ള സീനിയർ വെറ്റിനറി സർജന്റെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്

**കുറിപ്പ് :-** 24.05.2016 ലെ വികസനകാര്യ സ്ഥിരം സമിതിയുടെ 2-ാം നമ്പർ തീരുമാന പ്രകാരം ടി അപേക്ഷ കൗൺസിലേക്ക് അംഗീകാരത്തിനായി ശുപാർശ ചെയ്തിട്ടുള്ളതാണ്.

**തീരുമാനം**

അംഗീകരിച്ചു.

## 16. PW3-8732/16

1. കോട്ടക്കൽ നഗരസഭ, കോട്ടക്കൽ - പറപ്പൂർ - കല്ലാകയം കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയുടെ ഡീറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

2. ഈ പദ്ധതിക്ക് 10 കോടി രൂപ ചിലവ് വരും എന്ന് എസ്റ്റിമേറ്റ് പ്രകാരം കാണുന്നു. ടി തുക അനുവദിക്കുന്നതിന് സർക്കാറിലേക്ക് അപേക്ഷിക്കുന്ന കാര്യം പരിഗണനക്ക്.

### തീരുമാനം

അംഗീകരിച്ചു.

## 17. H1-8391/13

കോട്ടക്കൽ നഗരസഭയിലെ CH ഓഡിറ്റോറിയത്തിന്റെ സമീപം സ്ഥാപിച്ചിട്ടുള്ള മാലിന്യം കത്തിച്ചു കളയുന്ന ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന്റെ കാലാവധി 2016 ജൂൺ 6ന് അവസാനിക്കുന്നതിനാൽ കരാർ കാലാവധി ഒരു വർഷം കൂടി നീട്ടിനൽകുന്നതിനുള്ള നിലവിലെ കരാറുകാരൻ ശ്രീ. പ്രഭാകരൻ പാറേങ്ങൽ ഹൗസ്, പാറയിൽ സ്ട്രീറ്റ്, കോട്ടക്കൽ എന്നവരുടെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്**: 1) ടി ഇൻസിനറേറ്റർ 30/4/2013നാണ് സ്ഥാപിച്ചിട്ടുള്ളത്.

2) നഗരസഭാ കൗൺസിലിന്റെ 27/02/2016 ലെ 11-ാം നമ്പർ തീരുമാനപ്രകാരം, പ്രതിദിനം 2000/-രൂപ നിരക്കിൽ 07/3/2016 മുതൽ 3 മാസത്തേയ്ക്ക് നിലവിലെ കരാറുകാരൻ ശ്രീ. പ്രഭാകരൻ എന്നവർക്ക് കരാർ കാലാവധി നീട്ടി നൽകിയിട്ടുള്ളതാണ്.

### തീരുമാനം

നിലവിലെ വ്യവസ്ഥയിൽ തന്നെ 07.06.2016 മുതൽ 3 മാസത്തേയ്ക്ക് കരാർ കാലാവധി നീട്ടി നൽകുന്നതിന് തീരുമാനിച്ചു.

## 18. G1-2712/13

കോട്ടക്കൽ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ദിവസവേതനയാടിസ്ഥാനത്തിൽ ഓവർസിയർ തസ്തികയിൽ പരിഗണിക്കണമെന്ന ശ്രീ. സജീർ അലി. ഇ, കോട്ടക്കൽ കുറ്റിപ്പുറം, ആമപ്പാറ എന്നവരുടെ 11.04.2016 ലെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

### തീരുമാനം

23.05.2016 തിയതി മുതൽ ശ്രീ. സജീർ അലി. ഇ, കോട്ടക്കൽ കുറ്റിപ്പുറം, ആമപ്പാറ എന്നവരെ ദിവസ വേതനാടിസ്ഥനത്തിൽ നിയോഗിക്കുന്നതിനും തനത് ഫണ്ടിൽ നിന്നും വേതനം അനുവദിക്കുന്നതിനും തീരുമാനിച്ചു.

## 19. R4-11740/11

കോട്ടക്കൽ നഗരസഭ ബസ് സ്റ്റാന്റിൽ മാൻസ് ക്ലബ്ബിന്റെ പേരിൽ പ്രവർത്തിക്കുന്ന 3 ടി.വി സെററുകൾ പ്രവർത്തിപ്പിക്കുന്നതിന് 2016-17 വർഷത്തേയ്ക്കുള്ള ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്

**കുറിപ്പ്:** 1) മാൻസ് ക്ലബ്ബിന് കീഴിൽ 2012-13 വർഷം മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്.

2) 2014-15, 2015-16 വർഷങ്ങളിൽ മൂന്ന് ടി.വി. സെറ്റുകൾക്ക് മാസത്തിൽ 300/-രൂപ വീതം അടവാക്കിയിട്ടുള്ളതാണ്.

### തീരുമാനം

നിലവിലെ നിരക്കിൽ തന്നെ 2016-17 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

(യോഗം 12.30 ന് അവസാനിച്ചു)

(ഒപ്പ്)
**ചെയർമാൻ,**
**കോട്ടക്കൽ നഗരസഭ.**